"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാഡമിക് - സർക്കാർ മെഡിക്കൽ കോളേജുകളിലേക്കുള്ള എം.ബി.ബി.എസ്. പ്രവേശനത്തിനായി ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിൽ (ആയുഷ്) ഉൾപ്പെടുന്ന വിവിധ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം - പുതുക്കിയ മാനദണ്ഡം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യവും കുടുംബക്ഷേമവും (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.653/2025/H&FWD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- 1.03.02.2025- ൽ കൂടിയ 2025-26 അധ്യയന വർഷത്തെ KEAM പ്രോസ്പെക്ടസ് റിവ്യൂ കമ്മിറ്റി യോഗത്തിന്റെ നടപടികുറിപ്പുകൾ

2.മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 22.02.2025 തീയതിയിലെ DME/7360/2024-B1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേക്കുള്ള എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് (KEAM ) ക്ലോസ് 5.2.7, 5.2.8, എന്നിവ പ്രകാരം ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിൽ (ആയുഷ്) ഉൾപ്പെടുന്ന ആയുർവേദ, ഹോമിയോപ്പതി ബിരുദധാരികൾക്ക് യഥാക്രമം 7,4 എന്ന രീതിയിൽ സീറ്റ് സംവരണം നിലവിലുണ്ട്. ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിൽ ഉൾപ്പെടുന്ന സിദ്ധ, യുനാനി ബിരുദധാരികൾക്ക് കൂടി എം.ബി.ബി.എസ്. പ്രവേശനത്തിനായി സംവരണം അനുവദിക്കുന്നതിനായി നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിൽ (ആയുഷ്) ഉൾപ്പെടുന്ന ആയുർവ്വേദ, ഹോമിയോപ്പതി ബിരുദധാരികൾക്ക് എം.ബി.ബി.എസ്. പ്രവേശനത്തിന് നിലവിൽ നൽകിവരുന്ന സംവരണ സീറ്റുകളിൽ (11 സീറ്റുകൾ) പൊതു പ്രവേശന പരീക്ഷയിൽ (NEET) ഏറ്റവും ഉയർന്ന റാങ്ക് നേടുന്ന ആയുർവേദ/ഹോമിയോപ്പതി/യുനാനി/സിദ്ധ ബിരുദധാരികൾക്ക് പ്രവേശനം അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) - ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2025 അക്കാഡമിക് വർഷം മുതൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലേക്കുള്ള എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് (KEAM )വ്യവസ്ഥകൾ പ്രകാരം ആയുർവേദ, ഹോമിയോപ്പതി ബിരുദധാരികൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 11 സംവരണ സീറ്റുകൾ ഒരു യൂണിറ്റ് ആയി കണക്കാക്കി പ്രസ്തുത സീറ്റുകളിലേക്ക് പൊതു പ്രവേശന പരീക്ഷയിൽ (NEET-UG ) ഏറ്റവും ഉയർന്ന റാങ്ക് നേടുന്ന ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളിൽ ഉൾപ്പെടുന്ന (ആയുഷ്) ആയുർവേദ/ഹോമിയോപ്പതി/യുനാനി/സിദ്ധ ബിരുദധാരികൾക്ക് പ്രവേശനം നൽകുന്നതിന് അനുമതി

നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജനാർദ്ദനൻ കെ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രവേശന പരീക്ഷ കമ്മീഷണർ , തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മാനേജർ, അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഹോമിയോപ്പതി ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തിരുവനന്തപുരം

ഉന്നത വിദ്യാഭ്യാസ വകുപ്പ് (KEAM പ്രോസ്പെക്ടസ് 2025- ലെ ബന്ധപ്പെട്ട വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി)

ആയുഷ് (എ) വകുപ്പ്,

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

കരുതൽ ഫയൽ (എസ്3/51/2025-ആരോഗ്യം)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 05-03-2025 14:51:38

സെക്ഷൻ ഓഫീസർ

പകർപ്പ് :- ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്